പ്രതികരണം

# നല്ല ഇടയന്മാരെ തിരഞ്ഞെടുക്കുക

## റവ. ഡോ. വി. സാമുവേൽ കളീക്കൽ

കൊഴുപ്പുള്ള ആടുകളെ മാത്രം പോററുന്ന ഇടയന്മാരെ അല്ല; പിന്നെയോ മെലിഞ്ഞ ആടുകളേയും പോററുന്ന ഇടയന്മാരെ കണ്ടുപിടിക്കണം.

ഇന്നത്തെ ലോകത്തിന്റെ സ്ഥിതിവെച്ചു നോക്കുമ്പോൾ സാമ്പത്തികഭദ്രതയുള്ളവരെയും, നല്ല വ്യക്തിത്വമുള്ളവരേയും, സ്വഭാവമഹിമ, ദൈവഭക്തി ഇവയെല്ലാമുപരി ദരിദ്രരേയും സമ്പന്നരേയും ഒരുപോലെ സ്നേഹിപ്പാനുള്ള മനഃസ്ഥിതി ഇവയുള്ളവരെ കണ്ടുപിടിച്ച് ഭദ്രാസനഭരണം ഏല്പിച്ചാൽ മാത്രമേ സഭയ്ക്ക് പുരോഗതിയുണ്ടാകുകയുള്ളു

സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരായിരിക്കുമെന്നു കർത്താവിന്റെ അന്നത്തെ ശിഷ്യന്മാർ ചിന്തിച്ചിരുന്നുള്ളു വെന്നുതോന്നുന്നു. എന്നാൽ നമ്മുടെ പരിശുദ്ധസഭയിൽ ഭൗമികരാജ്യത്തിൽ വലിയവൻ ആര്? എന്നുള്ള ചിന്ത നടമാടുന്നില്ലേ! എന്നു സംശയിക്കുന്നു. ഉദാഹരണങ്ങൾ വളരെയുണ്ട്.

ആയതിനാൽ പരിശുദ്ധസഭയ്ക്കുവേണ്ടി യാതനകളും കഷ്ടനഷ്ടങ്ങളും സഹിച്ച് വിശ്വാസം കാത്തുസൂക്ഷിച്ച് സഭയേ പോററിവളർത്തിയ പ: പിതാക്കന്മാരുടെ കാൽച്ചുവടുകളെ പിന്തുടരുവാൻ സന്മനസ്സുള്ള പുരോഹിതന്മാരെ തെരഞ്ഞെടുത്ത് മെത്രാപ്പോലീത്തന്മാരായിട്ട് വാഴിച്ച് പ: സഭ ഏല്പിക്കുവാൻ ഒത്തൊരുമിച്ചു പ്രാർത്ഥിക്കാം പ്രവർത്തിക്കാം.

---

## 3-ാം ചരമവാർഷികം (5-8-1989)



റവ.ഫാ.കെ.ററി.ജോർജ്ജ് കോർഎപ്പിസ്കോപ്പാ, കുലത്താക്കൽ, മാരാമൺ.

സന്തപ്തകുടുംബാംഗങ്ങൾ

---

## ആരാധനാ ഗീത ശിൽപശാല

കോട്ടയം: ആരാധനാഗീതങ്ങൾക്ക് ഒരു പുതിയ മാനം നൽകുന്നതിനായി സെപ്റ്റംബർ 14, 15, 16 തീയതികളിൽ ഒരു ശിൽപ്പശാല നടത്തുന്നു ആരാധനാഗീതരചനയിൽ താൽപര്യമുള്ളവർക്ക് ശിൽപശാലയിൽ പങ്കെടുക്കാം. വിവാഹം, മരണം, കൺവൻഷൻ തുടങ്ങിയ സന്ദർഭങ്ങൾക്കനുയോജ്യമായ രീതിയിൽ ആരാധനാഗീതങ്ങൾ രചിക്കാനും അവയ്ക്ക് സംഗീതം നൽകാൻ പരിശീലിപ്പിക്കാനുമാണ് ശിൽപശാലകൊണ്ട് ഉദ്ദേശിക്കുന്നത്. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഡയറക്ടർ, മ്യൂസിക് സ്ക്കൂൾ, ഓർത്തഡോക്സ് സെമിനാരി, പി. ബി. നമ്പർ-98, കോട്ടയം എന്ന വിലാസത്തിൽ ബന്ധപ്പെടണം.

## തേമ്പാറപള്ളി പെരുന്നാൾ

കൈതപ്പറമ്പ്: തേമ്പാറ മർത്തശ്മൂനി ഓർത്തഡോക്സ് പള്ളിയിൽ, മർത്തശ്മൂനി അമ്മയുടെ ഓർമ്മപെരുനാളും, വജ്രജൂബിലി ആഘോഷങ്ങളും ജൂലൈ 31, ആഗസ്റ്റ് 1 ദിവസങ്ങളിൽ നടന്നു. വജ്രജൂബിലി സ്മാരകമായി നിർമ്മിച്ച കരിശിൻതൊട്ടിയുടെ കൂദാശാകർമ്മം മാത്യൂസ് മാർ എപ്പിപ്പാനോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. തുടർന്ന് സന്ധ്യാനമസ്കാരത്തിനും, 1-ാം തീയതി നടന്ന പൊതുസമ്മേളനത്തിനും മെത്രാപ്പോലീത്താ സംബന്ധിച്ചു പെരുനാൾ വജ്രജൂബിലി ആഘോഷങ്ങൾക്ക് വികാരി ഫാ. രാജൻ മാത്യു നേതൃത്വം നല്കി.

## ഡിസ്ട്രിക്ട് സമ്മേളനം നടത്തി.

ഹരിപ്പാട്: ഓർത്തഡോക്സ് മർത്തമറിയം സമാജത്തിന്റെ ആലപ്പുഴ ഡിസ്ട്രിക്ട് സമ്മേളനം വീയപുരം സെൻറ് മേരീസ് പള്ളിയിൽ നടത്തി. ഡിസ്ട്രിക്ട് പ്രസിഡൻറ് ഫാ: സി. എ. ഐസക്ക് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ: സൂസൻ ഏബ്രഹാം, സാറാമ്മ ജേക്കബ്; കെ. എം. മാത്യു എന്നിവർ പ്രസംഗിച്ചു. ഡിസ്ട്രിക്ട് സെക്രട്ടറി തങ്കമ്മ വർക്കി റിപ്പോർട്ട് വായിച്ചു. വികാരി ഫാ: രാജു വർഗ്ഗീസ് സ്വാഗതവും, സമാജം സെക്രട്ടറി കൃതജ്ഞതയും പറഞ്ഞു.

## ജന്മശതാബ്ദി സമാപനം

റാന്നി: പെരുനാട് ബഥനി ആശ്രമം അദ്ധ്യക്ഷനും കൊല്ലം ബാഹ്യകേരള ഭദ്രാസനങ്ങളുടെ അധിപനും ആയിരുന്ന കാലം ചെയ്ത അലക്സിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി സമാപനം ആഗസ്റ്റ് 27-ാം തീയതി പെരുനാട്ടിൽ വച്ച് വിപുലമായ പരിപാടികളോടെ ആഘോഷിക്കും. വി. കുർബ്ബാനയോടെ ആരംഭിക്കുന്ന പടങ്ങുകളിൽ മെത്രാപ്പോലീത്തമാരും മററു വിശിഷ്ടാതിഥികളും പങ്കെടുക്കും.

ആഘോഷങ്ങളുടെ ഭാഗമായി ഉച്ചയ്ക്കുശേഷം റാലി, പൊതുസമ്മേളനം സ്മരണിക പ്രകാശനം എന്നിവയും നടക്കും.

## ഫാമിലി കോൺഫറൻസ് കരുവാററയിൽ

കരുവാററാ: മാർ യാക്കൂബ് ബുർദ്ദാനാ ഓർത്തഡോക്സ് ഇടവകയുടെ ആഭിമുഖ്യത്തിൽ ഇടവകാംഗങ്ങളുടെ ഒരു ഫാമിലി കോൺഫറൻസ് 13-ാം തീയതി ഞായറാഴ്ച നടന്നു. ഇടവകയുടെ ആത്മീയ നവോത്ഥാനത്തിൽ ഇടവകാംഗങ്ങളുടെ പങ്ക് എന്നതായിരുന്നു കോൺഫറൻസിന്റെ പ്രധാന ചിന്താവിഷയം. 12-ാം തീയതി 6.30ന് സന്ധ്യാപ്രാത്ഥനയെ തുടർന്ന് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയും പ്രധാന പ്രഭാഷണം നടത്തുകയും ചെയ്തു. 13-ാം തീയതി ഞായറാഴ്ച, രാവിലെ തിരുമനസ്സുകൊണ്ട് വി: കുർബ്ബാന അർപ്പിച്ചു. തുടന്ന് പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന്റെ താല്ക്കാലിക കൂദാശയും നടത്തുന്നതാണ്.

ഉച്ചയ്ക്ക് ഒരു മണിക്ക് കെ. എം. മാത്യു തിരുവല്ലാ ക്ലാസ്സും തുടർന്ന് ഗ്രൂപ്പ് ചർച്ചകളും നടന്നു. മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേന്ന സമാപനസമ്മേളനത്തോടുകൂടി കോൺഫറൻസ് അവസാനിച്ചു

## സൗജന്യ നേത്ര ചികിത്സാ ക്യാമ്പ്

തീയാടിക്കൽ: മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാത്ഥി പ്രസ്ഥാനം മിഷൻ ഫോറവും, അയിരൂർ പകലോമററം താഴമൺ കുടുംബയോഗവും കൂടിചേന്ന് കഞ്ഞുഴ എം. ജി. ഡി. എം ആശുപത്രിയുടെ സഹകരണത്തോടുകൂടി 1989 ഓഗസ്ററ് 18-ാം തീയതി വെള്ളിയാഴ്ച തിയാടിക്കൽ താഴമൺ കുടുംബ ഹാളിൽവച്ച് സൗജന്യനേത്രചികിത്സ ക്യാമ്പ് നടത്തും.

രാവിലെ 8.30-ന് ഗീവറുഗീസ് മാർ ഒസ്താത്ത്യോസ് മെത്രാപ്പോലീത്ത ക്യാമ്പ് ഉദ്ഘാടനം ചെയ്യും.

ആദ്യം പേർ രജിസ്ററർ ചെയ്യുന്ന 350 രോഗികൾക്കാണ് ചികിത്സ വിദഗ്ധ ചികിൽസ ആവശ്യമായി വരുന്ന നിർധനരായ രോഗികൾക്ക് എം. ജി. ഡി. എം ആശുപത്രിയിൽനിന്നും തുടർന്ന് ചികിത്സ നൽകുമെന്ന് സംഘാടകർ പറഞ്ഞു.

## ത്രിദിന ഉപവാസ ധ്യാനം നടന്നു.

കല്ലിശ്ശേരി: ഉമയാററുകര സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ ഓഗസ്ററ് 10, 11, 12 തീയതികളിൽ ഉപവാസധ്യാനം നടന്നു. മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ. ഡോ. തോമസ് എ. ഐക്കര (ദീപിക മാനേജിംഗ് എഡിററർ) ഉദ്ഘാടനം ചെയ്തു. സമാപന ദിവസം വി: കുർബാനയ്ക്കുശേഷം ഗീവറുഗീസ് ഒസ്താത്തിയോസ് മെത്രാപ്പോലീത്താ സമാപനസന്ദേശവും, ആശീർവാദവും നൽകി.

ഫാ. സഖറിയാ പണിക്കശ്ശേരി, ഫാ, ജോൺ പുത്തൻവീട്ടിൽ ഫാ, തോമസ് കൊക്കാപറമ്പിൽ, ഡീക്കൻ എം. സി. ചെറിയാൻ ഫാ. ററി. ജി. ജോൺ ഫാ. പി. ബി. തോമസ്, പോൾ സിനിരാജ് മുഹമ്മദ്, ജോർജ്ജ് ദിവാകർ എന്നിവർ പ്രസംഗിച്ചു.

---

ഉപകാരസ്മരണ




MEROS
Mannikkarottu




Edited & Published by Shebaly, Printed by Rev C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Office Address: Malankara Orthodox Herald Devalokam, Kottayam-686 038